പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3955 — 21. 06. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർ തസ്തിക

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർ തസ്തിക വേണ്ടെന്ന് വയ്ക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്; | (എ) കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർ തസ്തിക വേണ്ടെന്ന് വയ്ക്കുന്നതു മായിബന്ധപ്പെട്ട ആലോചനയൊന്നും ഇതുവരെ കൈകൊണ്ടിട്ടില്ല |
| (ബി) ഇത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. എന്തെങ്കിലും പഠനം നടത്തിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിലെ ശുപാർശ എന്തായിരുന്നു; | (ബി) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും പുനക്രമീകരണവും സംബന്ധിച്ച്, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് മാനേജ്മെന്റ് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ മീറ്റർ റീഡർ തസ്തികയിലേയ്ക്കുള്ള നിയമനം നിർത്തിവെയ്ക്കാനും, നിലവിലുള്ള 876 ഒഴിവുകൾ നികത്തേണ്ടതില്ല എന്നും ഭാവിയിൽ പുതിയ നിയമനം ഈ തസ്തികയിൽ വേണ്ടെന്നും ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) ഈ പഠനത്തിനായി ഐ.ഐ.എം. കോഴിക്കോടിന് എന്ത് തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ? | (സി) പഠനത്തിനായി ഐ.ഐ.എം. കോഴിക്കോടിന് എല്ലാവിധ ടാക്സുകളുമുൾപ്പെടെ 57,57,326/- രൂപയാണ് പ്രതിഫലമായി നൽകിയത്. |

സെക്ഷൻ ഓഫീസർ